LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള: 20-ാം തീയതി അറസ്റ്റുചെയ്തു എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ളത്. ഏകദേശം ഒരു മാസം മുൻപുതന്നെ വാഴക്കാട് എന്ന സ്ഥലത്തുവച്ച് ഈ പ്രതിയെ കസ്റ്റഡിയിലെടുത്തിട്ടുള്ളതാണ്. ഒരു മാസം ഈ പ്രതിയെ പോലീസ് സ്റ്റേഷനിലിട്ട് മർദ്ദിച്ചതിന്റെ ഫലമായിട്ടാണ് മരിക്കാനിടയായത്. അറസ്റ്റിന്റെ റിക്കാർഡു വയ്ക്കാതെ ദിവസങ്ങളോളം ലോക്കപ്പിലിട്ടു മർദ്ദിക്കുകയെന്നുള്ളത് പതിവാണ്. അങ്ങനെയുള്ള ഉദ്യോഗസ്ഥൻമാർക്ക് എന്തു സംരക്ഷണവും കിട്ടുമെന്നുള്ളതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. കഴിഞ്ഞ ഒരു ദിവസം മാന്നാർ ലോക്കപ്പിൽ ഒരു ഗവൺമെൻറാഫീസർ ആയിരുന്ന ശ്രീ. പരമേശ്വരൻപിള്ള ഇങ്ങനെ മരണപ്പെട്ടു. ആ കേസിൽ ഉദ്യോഗസ്ഥൻമാരെ സസ്പെൻറ് ചെയ്തിട്ടുണ്ടെങ്കിലും അയാളെ ലോക്കപ്പുചെയ്ത, ജി.ഡി.യിൽ എൻറർചെയ്ത സബ് ഇൻസ്പെക്ടറെ റീയിൻസ്റ്റേറ്റു ചെയ്തിരിക്കുകയാണ്. കുറെ പാവപ്പെട്ട പോലീസുകാരുടെ പേരിൽ അന്വേഷണമുണ്ട്. ഈ മാതിരി കേസുകളിൽ അന്വേഷണം നടത്തുകയില്ലെന്ന നിർബന്ധംകൊണ്ട് ലോക്കപ്പ് മർദ്ദനങ്ങളും നിത്യസംഭവങ്ങളായിത്തീർന്നിരിക്കുന്നു. അറസ്റ്റു ചെയ്താൽ റിക്കാർഡു ചെയ്യുകയില്ല. ദിവസങ്ങളോളം കസ്റ്റഡിയിൽ വയ്ക്കുക, മർദ്ദിക്കുക അതിന്റെ ഫലമായിട്ട് ചിലരെല്ലാം മരിക്കുക. ഇതിനെ സംബന്ധിച്ചിടത്തോളം പോലീസിന്റെ വെർഷനാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. ഞങ്ങൾക്ക് ഉത്തമബോധ്യമുള്ള അറിവുള്ള ചില കാര്യങ്ങളുണ്ട്. അതുകൊണ്ട് ഈ പ്രമേയം ചർച്ച ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ആഭ്യന്തരമന്ത്രി (ശ്രീ. കെ. കരുണാകരൻ): ബഹുമാനപ്പെട്ട മെമ്പർക്ക് എവിടെനിന്നാണ് ഈ വിവരം കിട്ടിയിട്ടുള്ളതെന്നറിയാൻ പാടില്ല. പിടികിട്ടാത്ത പ്രതിയാണെന്നു കേസിന്റെ നമ്പർ കൊണ്ടുതന്നെ ബോധ്യപ്പെടും. മിനിയാന്നാണ് അറസ്റ്റു ചെയ്തിട്ടുള്ളത്. അന്നുതന്നെ ഒന്നേമുക്കാൽ മണിക്ക് ഊണു കൊടുത്തിട്ടുണ്ട്.

ഇതിനുമുൻപുള്ള ചില കേസുകളെസംബന്ധിച്ച് ഇവിടെ പരാമർശിച്ചു. കുറ്റവാളികളല്ലാതിരുന്ന, കുറ്റം ചെയ്യാത്ത ആളുകളെ ശിക്ഷിക്കുവാൻ ഒക്കുമോ? അതിനെസംബന്ധിച്ച് അന്വേഷണം നടത്തി, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ് ഇൻസ്പെക്ടർക്ക് ഉത്തരവാദിത്വമില്ലെന്ന് കണ്ട് എസ്. ഐ. യെ വിട്ടു മറ്റുള്ളവരെ ശിക്ഷിച്ചിട്ടുണ്ട്. ഇതിനുപുറമേ അവരുടെ പേരിൽ കൂടുതൽ കേസിനുംവേണ്ടി ലൈം ബ്രാഞ്ചിനോട് കേസ് രജിസ്റ്റർ ചെയ്യാൻ പറഞ്ഞിരിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ സഭാനടപടികളും നിർത്തിവച്ചു ചർച്ച ചെയ്യണമെന്നാവശ്യപ്പെടുന്ന ഈ അടിയന്തിര പ്രമേയം അവതരിപ്പിക്കുന്നതിനുള്ള അനുമതി നിഷേധിക്കുന്നു.

III CALLING ATTENTION

The reported plight of cashew workers due to unemployment

മി. ഡെ. സ്പീക്കർ: (ശ്രീ. ആർ. എസ്. ഉണ്ണി) സർ, നമ്മുടെ സംസ്ഥാനത്തിലെ കശുവണ്ടി വ്യവസായത്തിന്റെ സ്ഥിതി വളരെ കുഴപ്പത്തിലാണ്. കഴിഞ്ഞവർഷം ശരാശരി 90 ദിവസം മാത്രമാണ് ഈ വ്യവസായത്തിൽ ജോലി നടന്നിട്ടുള്ളത്. തൊഴിലാളികളും വളരെ കഷ്ടപ്പാടിലാണ് കഴിയുന്നത്. ഈ വ്യവസായ

ത്തിനാവശ്യമായ തോട്ടണ്ടിയിൽ ഭൂരിഭാഗവും ഇറക്കുമതിചെയ്യുന്നതിന് കാഷ്യു കോർപ്പറേഷൻ ഓഫ് ഇൻഡ്യ ആണ് ഉത്തരവാദിത്വം വഹിക്കുന്നത്. തക്ക സമയത്തു നടപടി നടത്താത്തതിന്റെ ഫലമായും കാഷ്യു കോർപ്പറേഷൻ ഓഫ് ഇൻഡ്യാ സ്വീകരിച്ചിട്ടുള്ള നയങ്ങളുടെ വൈകല്യം മൂലവും യഥാസമയം ആവശ്യത്തിന് ലഭ്യമായ തോട്ടണ്ടി ഇറക്കുമതി ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നു ആക്ഷേപമുണ്ട്. കഴിഞ്ഞവർഷം ഇറക്കുമതി ചെയ്തിട്ടുള്ളത് ഒരുലക്ഷത്തി മുപ്പത്തിയാറായിരം ടൺ ആണ്. നമ്മുടെ രാജ്യത്തുൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി സംഭരിക്കുന്നതിനും കാര്യക്ഷമമായി വിതരണം ചെയ്യുന്നതിനും ഒരു പദ്ധതി ഗവൺമെന്റ് ആവിഷ്ക്കരിച്ചു. ചില ക്രമീകരണങ്ങളും നിയന്ത്രണങ്ങളും അക്കാര്യത്തിൽ ഏർപ്പെടുത്തി. 61 വ്യവസായ സ്ഥാപനങ്ങളെ തോട്ടണ്ടി സംഭരിക്കുവാൻ ഏർപ്പെടുത്തി. അവർ തോട്ടണ്ടി സംഭരിച്ചു. ഗവൺമെന്റ് തോട്ടണ്ടിയുടെ വില നിശ്ചയിച്ചു. ഗവൺമെന്റ് നിശ്ചയിച്ച വിലയേക്കാൾ കൂടുതൽ കൊടുത്തു മാർക്കറ്റിൽനിന്നും ഈ സ്വകാര്യവ്യവസായികൾ തോട്ടണ്ടി സംഭരിക്കുകയും അതിൽ നല്ലൊരു പങ്ക് സംസ്ഥാനത്തിനു വെളിയിലേക്ക് കള്ളക്കടത്തു നടത്തുകയും ചെയ്തിട്ടുള്ളതായി പരാതിയുണ്ട്. ഈ സംഭരിച്ച തോട്ടണ്ടി വിതരണം ചെയ്യാൻ ചില ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരുന്നു. അതിനു ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ, കാഷ്യു സ്പെഷ്യലാഫീസർ നൽകിയ നിർദ്ദേശങ്ങൾ ഈ വ്യവസായികൾ പരാജപ്പെടുത്തി എന്നുള്ളതാണ് വസ്തുത. 6736 ടൺ തോട്ടണ്ടി കേരളാ കാഷ്യു ഡവലപ്പുമെന്റ് കോർപ്പറേഷൻ സംഭരിച്ചതിൽനിന്നു. വിതരണം ചെയ്യണമെന്നു കാഷ്യു സ്പെഷ്യലാഫീസർ നിർദ്ദേശിച്ചിരുന്നു. എന്നാൽ 840 ടൺ മാത്രമാണ് കൊടുത്തിട്ടുള്ളത്. മുൻ കൊല്ലത്തിൽ കേരളാ കാഷ്യു ഡവലപ്പുമെന്റ് കോർപ്പറേഷൻ ഒരുലക്ഷത്തിഇരുപത്തിയയ്യായിരം ചാക്കു തോട്ടണ്ടി മാർക്കറ്റിൽനിന്നും വാങ്ങിച്ചിട്ടുള്ളതാണ്. ഗവൺമെന്റ് നിശ്ചയിച്ച വിലയ്ക്ക് വാങ്ങിക്കണമെന്നുള്ളതുകൊണ്ട് കഴിഞ്ഞവർഷം 75,000 ചാക്കു മാത്രമാണു വാങ്ങിക്കുവാൻ സാധിച്ചിട്ടുള്ളത്. ഇറക്കുമതിയും ഉൽപ്പാദനവും കൂടിചേർത്തു കഴിഞ്ഞവർഷം 90 ദിവസം ജോലി നടത്താനുള്ള തോട്ടണ്ടി മാത്രമേ ലഭിച്ചിട്ടുള്ളു. ഇപ്പോൾ സ്ഥിതി കൂടുതൽ ഉൽക്കണ്ഠാജനകവുമാണ്. ഇന്നത്തെ കേരളകൗമുദിയിൽ ഈ വർഷത്തേയ്ക്ക് ആവശ്യമുള്ള തോട്ടണ്ടി സി. സി. ഐ. വാങ്ങിക്കുവാൻ ചില നടപടികളും നടത്തിയെന്നും ഒരുലക്ഷത്തോളം ടൺ മാത്രമേ ലഭിക്കുവാൻ സാധ്യതയുള്ളു എന്നും വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ഇത് കൂടുതൽ ഉൽക്കണ്ഠാജനകമായ ഒരു സ്ഥിതിവിശേഷം ഉണ്ടാക്കും. ഈ വർഷത്തെ നാടൻ തോട്ടണ്ടിയുടെ സംഭരണ കാര്യത്തിൽ ഇതേവരെ ഗവൺമെന്റ് നയം പ്രഖ്യാപിച്ചിട്ടില്ല. ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുടെ അളവ് മുൻ വർഷത്തെക്കാൾ കുറവാണ്. നാട്ടിലുള്ള തോട്ടണ്ടി എങ്ങനെ സംഭരിക്കണമെന്നുള്ളതിനെപ്പറ്റി ഗവൺമെന്റ് എന്തെങ്കിലും തീരുമാനിച്ചിട്ടുണ്ടോ എന്നറിയുകയില്ല. സീസൺ ആരംഭിക്കുകയാണ്. ജനുവരിമാസം മുതൽ പർച്ചേസ് ആരംഭിക്കുന്നു. അതിനു നിയന്ത്രണങ്ങൾ ഉണ്ടാകണം. കഴിഞ്ഞ പ്രാവശ്യത്തെ അമളി ഉണ്ടാകരുത്. കൂടുതൽ കർക്കശമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി സംഭരണം കാര്യക്ഷമമാക്കാനും വിതരണം കാര്യക്ഷമമാക്കാനുമുള്ള നടപടികൾ സ്വീകരിക്കണം. കാഷ്യു സ്പെഷ്യലാഫീസർക്ക് ഈ വക കാര്യങ്ങൾ നിയന്ത്രിക്കുവാനും കാര്യക്ഷമമായി പ്രവർത്തിക്കുവാനും ആവശ്യമായ സഹായമുണ്ടാകണം. വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സഹകരണം അക്കാര്യത്തിൽ ആവശ്യമാണ്. കഴിഞ്ഞ പ്രാവശ്യത്തെ സംഭരണ വിതരണക്കാര്യങ്ങളിൽ ധാരാളം ആക്ഷേപങ്ങളും പരാതികളുമുണ്ട്. ആ പരാതികൾക്കിട നൽകിയ കാരണങ്ങൾ ആവർത്തിക്കാൻ ഇട നൽകരുത്. ഇതിനെപ്പറ്റിയൊന്നും വിശദമായി എന്തെങ്കിലും പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. ഒരു സ്പെഷ്യൽ

LIBRARY ARCHIVES Kerala Legislative Assembly

സ്കാഡിന്റെ സഹായം സ്പെഷ്യലാഫീസർക്ക് ഉണ്ടാകണമെന്നാണ് എന്റെ അഭിപ്രായം. അതുപോലെതന്നെ സി. സി. ഐ. ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി വിതരണം ചെയ്യുന്ന മാനദണ്ഡത്തിൽത്തന്നെ ഇവിടെ സംഭരിക്കുന്ന തോട്ടണ്ടിയും വിതരണം ചെയ്യാനുള്ള ഏർപ്പാടുണ്ടാകണം. അത് ഇവിടത്തെ ഫാക്ടറികളിൽത്തന്നെ പ്രോസസ് ചെയ്യുന്നുണ്ടെന്നു ഉറപ്പു വരുത്താനുള്ള നടപടികളും ഗവൺമെന്റ് സ്വീകരിക്കണം. അല്പാതെയുള്ള വ്യവസായികളെ കർശനമായി ശിക്ഷിക്കുവാനുള്ള വ്യവസ്ഥകളും ഉണ്ടാകണം. അങ്ങനെ കാര്യക്ഷമമായി സംഭരണവും വിതരണവും ഉറപ്പുവരുത്തിക്കൊണ്ട് ഈ പ്രാവശ്യം മാർക്കറ്റിൽനിന്നും കിട്ടാവുന്ന തോട്ടണ്ടി മുഴുവൻ സംഭരിക്കുവാനുള്ള നടപടികളും ഗവൺമെന്റ് സ്വീകരിക്കണം. ഒരു കേന്ദ്രീകൃത ഏജൻസിയെ സംഭരണത്തിന് ചുമതലപ്പെടുത്തണം. കഴിഞ്ഞവർഷത്തെ സംഭരണ വിതരണ സംപ്രദായങ്ങളും മാറ്റി കാര്യക്ഷമമായി ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കണമെന്നു ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിമന്ത്രി (ശ്രീ. എം. എൻ. ഗോവിനന്ദൻനായർ): സർ, ബഹുമാനപ്പെട്ട മെമ്പർ കശുവണ്ടി വ്യവസായത്തെ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടുകളെപ്പറ്റി പറഞ്ഞ കാര്യങ്ങളും പലതിനോടും ഈ ഗവൺമെന്റിനു യോജിപ്പാണുള്ളത്. അടിസ്ഥാനപരമായ പ്രശ്നം നാലുലക്ഷം ടൺ തോട്ടണ്ടി നമ്മുടെ ഫാക്ടറികളും നടത്തുന്നതിന് ആവശ്യമാണ്. പരമാവധി വെളിയിൽനിന്നു വരുന്നതും ഇവിടെനിന്നു കളക്ടുചെയ്യുന്നതുംകൂടി രണ്ടരലക്ഷം ടണ്ണാണ് സംഭരിക്കാൻ കഴിയുന്നത്. അപ്പോൾ ഇതിനു ശാശ്വതമായ പരിഹാരമെന്നുപറയുന്നത് നമ്മുടെ നാട്ടിൽതന്നെ കശുവണ്ടി കൂടുതലായിട്ട് ഉത്പ്പാദിപ്പിക്കുന്നതിനുള്ള പരിശ്രമമാണ്. നമ്മുടെ നാടെന്നു ഞാൻ പറയുമ്പോൾ കേരളം മാത്രമല്ല ഉദ്ദേശിക്കുന്നത്.

അതുപോലെ ഇൻഡ്യാ കാഷ്യൂ കോർപ്പറേഷന്റെ തകരാറാണെന്നു പറയുന്നതു മുഴുവനും ശരിയല്ല. താൻസാനിയ മുതലായ രാജ്യങ്ങളും അവിടെതന്നെ മാനിഫാക്ചറിംഗ് തുടങ്ങാൻ ശ്രമിക്കുകയും അവിടെതന്നെ നല്ല വില കിട്ടാനുള്ള ബാർഗെയിനിംഗ് നടത്തുകയും ചെയ്യുന്നു. അതുകൊണ്ട് ഈ വർഷം ഒരുലക്ഷത്തോടടുപ്പിച്ചുമാത്രമേ തോട്ടണ്ടി കിട്ടാൻ സാധ്യതയുള്ളുവെന്നാണ് അറിയുന്നത്. അത് വീണ്ടും വർദ്ധിപ്പിക്കാൻ കഴിയുമോയെന്നുള്ളകാര്യം കേന്ദ്രഗവൺമെന്റുമായി ആലോചിക്കാനും കഴിയുന്നിടത്തോളം കൂടുതൽ ഇറക്കുമതിചെയ്യാനുള്ള നടപടികളും അവരെക്കൊണ്ട് എടുപ്പിക്കാൻ കഴിയുമോയെന്നു പരിശ്രമിക്കാനും ഈ ഗവൺമെന്റിനു കഴിയും.

പിന്നെ പ്രധാനമായിട്ടുള്ളത് നമ്മുടെ നാടൻ തോട്ടണ്ടിയെ സംബന്ധിച്ചു കാര്യമാണ്. കഴിഞ്ഞവർഷം നമ്മൾ വിലനിയന്ത്രിക്കുകയും നിശ്ചിത ഏജൻസികളിൽകൂടി അത് വാങ്ങിക്കാനുള്ള ഏർപ്പാടുകളും ചെയ്യുകയും ചെയ്തു. അതേപ്പറ്റിയുണ്ടായ പരാതികളെപ്പറ്റിയാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. ഏതായാലും കഴിഞ്ഞകാലാനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് അത്തരം അപാകതകളും വരാതെ ഏക ഏജൻസിയിൽ കൂടി കശുവണ്ടി വാങ്ങിക്കാനുള്ള സൗകര്യമുണ്ടോയെന്നുള്ള കാര്യങ്ങളും അന്വേഷിക്കുന്നുണ്ട്. ഏജൻസിയെപ്പറ്റിയുള്ള കഴിഞ്ഞവർഷത്തെ പരാതി വ്യവസായികളിൽനിന്നും തൊഴിലാളികളിൽനിന്നും മാത്രമല്ല ഉണ്ടായത്. കശുവണ്ടി ഉല്പാദിപ്പിക്കുന്ന പാവപ്പെട്ട കൃഷിക്കാരനും ന്യായമായ വിലകിട്ടുന്നില്ലെന്ന പരാതിയുമുണ്ട്. ആ പരാതികളെല്ലാം പരിഗണിച്ചുകൊണ്ട് നാം ഏർപ്പെടുത്തുന്ന ഏജൻസി കൃഷിക്കാരിൽനിന്നു നേരിട്ടു വാങ്ങിക്കാൻ സംഘടനാപരമായ

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യമുള്ള ഏജൻസിയാണോയെന്നുള്ളകാര്യം അന്വേഷിക്കാൻ ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. മാർക്കറ്റിംഗ് ഫെഡറേഷനാണ് ഏക ഏജൻസിയെന്നുള്ള നിലയിൽ നമുക്ക് ഏൽപ്പിക്കാൻ കഴിയുന്നത് എന്നാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. അതിന്റെ മാനേജിംഗ് ഡയറക്ടറെ ഇവിടെ വരുത്തുകയും സ്പെഷ്യലാഫീസറും മാനേജിംഗ് ഡയറക്ടറും ഞങ്ങളും എല്ലാവരുമായി ഒക്കെ ചർച്ച നടത്തുകയും ചെയ്തു. ആ പ്രദേശങ്ങളിൽ സഞ്ചരിച്ചിട്ട് മാർക്കറ്റിംഗ് ഫെഡറേഷന് കശുവണ്ടി വാങ്ങിക്കാനുള്ള ഏജൻസി എന്താണ്? സർവ്വീസ് സഹകരണസംഘങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ട് കശുവണ്ടി വാങ്ങിക്കാൻ കഴിയുമെങ്കിൽ കൃഷിക്കാരന് നേരിട്ട് ആ സംഘങ്ങളിൽ കൊടുക്കാനും, ആ സംഘങ്ങളം വഴി ശേഖരിച്ച് ഫാക്ടറികൾക്കൊക്കെ കൊടുക്കാനും കഴിയും. അതൊന്നു പഠിച്ചിട്ടു വിവരം തരാൻവേണ്ടി ഏർപ്പാടു ചെയ്തിരിക്കുകയാണ്. അതു കിട്ടിക്കഴിഞ്ഞാൽ തൊഴിലാളി പ്രതിനിധികളും മാനേജുമെന്റു പ്രതിനിധികളും എല്ലാമായിട്ട് ഒരു ചർച്ചനടത്തി വ്യക്തമായ എന്തു തീരുമാനമാണ് എടുക്കേണ്ടത് എന്നുള്ളതിനെപ്പറ്റി തീരുമാനിക്കാം. ഏതായാലും ഈ സീസൺ തുടങ്ങുന്നതിനുമുമ്പ് എല്ലാവർക്കും തൃപ്തികരമായരീതിയിൽ ഒരു വ്യവസ്ഥയുണ്ടാക്കണമെന്നാണ് ആഗ്രഹിക്കുന്നത്.

പിന്നെ വേറൊരു പ്രശ്നം ഞാൻ പറയാതെതന്നെ എല്ലാവർക്കും അറിയാവുന്നതാണ്. നമ്മുടെ നാട്ടിലെ ആശാൻമാർ തന്നെയാണ് വെളിയിൽ കൊണ്ടുപോകുന്നതും. ഇരുന്നൂറോളം ഫാക്ടറികൾ തമിഴ് നാട്ടിലുണ്ട്. തമിഴ് നാട്ടിലുള്ള എത്ര മുതലാളിമാർ ഉണ്ടെന്നു് അറിഞ്ഞുകൂടാ. അപ്പോൾ എവിടെ നിന്നു വാങ്ങിച്ചാലും ഇതെല്ലാം കടത്തിക്കൊണ്ടുപോകുന്ന ഒരു ഏർപ്പാടുണ്ട്. അത് എത്രകണ്ടു നിയന്ത്രിക്കാൻ കഴിയുമെന്നുള്ളത് കഴിഞ്ഞകാലാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ, ഇതൊക്കെ പരിപൂർണ്ണമായി തടഞ്ഞുകളയാമെന്നുള്ള ധാരണയൊന്നും എനിക്കില്ല. പക്ഷെ, കർശനമായ രീതിയിൽ ഒരു ഏജൻസിയിൽകൂടി ഇതു വാങ്ങാനും ഉല്പാദിപ്പിക്കുന്ന സ്ഥലത്തു നിയന്ത്രണമേർപ്പെടുത്താനും കഴിഞ്ഞാൽ വളരെയധികമൊന്നും പുറത്തേയ്ക്കു പോകാതെ സൂക്ഷിക്കാൻ കഴിയും. അതിന് എല്ലാ ഡിപ്പാർട്ടുമെന്റുകളുടെയും സഹകരണം ആവശ്യമാണ്. എല്ലാംകൂടി കോ-ഓർഡിനേറ്റു ചെയ്തു പ്രവർത്തിച്ചെങ്കിൽമാത്രമേ നമുക്ക് ഇതിന്റെ ദോഷങ്ങൾ പരിമിതപ്പെടുത്താൻ കഴിയുകയുള്ളു. ആ സൗകര്യങ്ങൾക്കൊന്നും ബുദ്ധിമുട്ടുണ്ടെന്നു തോന്നുന്നില്ല. ആ രീതിയിൽ സീസൺ തുടങ്ങുന്നതിനുമുമ്പ് ആവശ്യമായ നടപടികൾ നിങ്ങൾ എല്ലാവരുമായി ആലോചിച്ച് എടുക്കാമെന്നുമാത്രമേ ഈ അവസരത്തിൽ പറയുന്നുള്ളു.

REPRESENTATION OF REPORT IV

(i) *Report of the committee on Public Undertakings*

Shri R. S. Unni: Sir, I present the Thirty-second and Thirty-third Reports of the Committee on Public Undertakings.

(ii) *Report of the Committee on Estimates*

Shri P. P. George: Sir, I present the Twenty-fifth Report of the Committee on Estimates.

LIBRARY ARCHIVES Kerala Legislative Assembly